II ഇ.ബി. XIV - കേരള നിയമസഭ/XV-6

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജൂൺ 13, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

15 (*151) ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, ആരോഗ്യമേഖലയിൽ സമഗ്രവും അടിസ്ഥാനപരവുമായ പരിഷ്കാരങ്ങളാണ് ലക്ഷ്യമിടുന്നതെന്നും അതിന്റെ ഭാഗമായി അത്യന്താധുനിക ഉപകരണങ്ങളും ചികിത്സാ സംവിധാനങ്ങളും ലഭ്യമാക്കി പ്രാഥമികതലം മുതൽ തൃതീയതലം വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളെ രോഗീസൗഹൃദമാക്കുന്നതിനും സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ടോക്കൺ സംവിധാനം, രജിസ്ട്രേഷൻ

കൗണ്ടറുകൾ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുകയും നഴ്സുമാരുടെ പ്രീ-ചെക്കപ്പ് ഏരിയ ഫലപ്രദമാക്കുകയും സ്വകാര്യതയുള്ള പരിശോധനാ മുറികൾ, ജീവിതശൈലി രോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ മുതലായവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ച് കുടുംബാരോഗ്യ മേഖലയുടെ സേവനസമയം വൈകിട്ട് 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ടെന്നും ആർദ്രം മിഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 170 ആശുപത്രികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും അതിനായി 830 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്നും രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത 504 എണ്ണത്തിന്റെ പശ്ചാത്തല സൗകര്യവികസനം പുരോഗമിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. 6 താലൂക്കാശുപത്രികളുടെ നവീകരണപ്രവർത്തനങ്ങൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും 44 എണ്ണത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആശുപത്രികൾ നവീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ജില്ലാതല ആശുപത്രികളിൽ കാത്ത്‌ലാബ്, കാർഡിയോളജി, നെഫ്റോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. 8 ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് അനുവദിച്ചതിൽ രണ്ടിടത്ത് അത്

പ്രവർത്തനസജ്ജമായിട്ടുണ്ടെന്നും എല്ലാ ജില്ലാ ആശുപത്രികളിലും ഇത് നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഓങ്കോളജി, ഓങ്കോപാത്തോളജി വിഭാഗങ്ങളിലായി 105 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എറണാകുളം കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 385 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഒരു സമ്പൂർണ്ണ കാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിനായി കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കോട്ടയം, എറണാകുളം, തിരുവനന്തപുരം, വയനാട്, തൃശ്ശൂർ, പത്തനംതിട്ട (കോന്നി) മെഡിക്കൽ കോളേജുകൾ, മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ റിസർച്ച് സെന്റർ, വിവിധ ജില്ലകളിലെ ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികൾ എന്നിവയുടെ വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഭരണാനുമതി നൽകി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ 200 സബ്സെന്ററുകൾ നവീകരിക്കുന്നതിന് 7 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും നഴ്സുമാരുടെ അധിക തസ്തിക സൃഷ്ടിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണെന്നും ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം, ഹൃദ്യം എന്നിവയിലൂടെ നവജാത ശിശുക്കളുടെ മരണനിരക്ക് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും മന്ത്രി

വ്യക്തമാക്കി. 'ആരോഗ്യ ജാഗ്രത', 'അശ്വമേധം' എന്നീ പദ്ധതികൾ ഊർജ്ജിതമായി നടപ്പിലാക്കുകയും കൊതുകുജന്യ രോഗനിരീക്ഷണത്തിനായി വിവിധ ആശുപത്രികളിലായി 30 സെന്റിനൽ സർവൈലൻസ് സെന്ററുകൾ പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി രോഗിയുടെ വിവരങ്ങൾ കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് ചികിത്സാ അനുബന്ധ രേഖകൾ ആശുപത്രികൾക്ക് പരസ്പരം കൈമാറാനും ചികിത്സാ സംവിധാനം കൂടുതൽ ശാസ്ത്രീയമാക്കാനും സാധിച്ചിട്ടുണ്ട്. അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചും പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചും മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതോടൊപ്പം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുകയും പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടാത്ത അത്യന്താപേക്ഷിതമായ വിലകൂടിയ മരുന്നുകൾ സ്പെഷ്യാലിറ്റി ജനറിക് മരുന്നുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകൾ വഴി സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ അത്യന്താധുനിക വെന്റിലേറ്ററുകൾ, മോർച്ചറികൾ എന്നിവ സ്ഥാപിക്കുമെന്നും ആധുനിക സംവിധാനങ്ങൾ ഫലപ്രദമാകുന്നമുറയ്ക്ക് രാത്രികാലങ്ങളിലും

പോസ്റ്റ്മോർട്ടം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കോട്ടയം മെഡിക്കൽ കോളേജിൽ കാൻസറില്ലാത്ത രോഗിക്ക് കീമോതെറാപ്പി നിർദ്ദേശിച്ച ഡോക്ടറെ സസ്പെൻഡ് ചെയ്ത് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ചികിത്സാപിഴവിനിരയായ യുവതിക്ക് സംരക്ഷണവും തുടർ ചികിത്സയും നൽകുമെന്നും അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

16(*152) <u>അഗ്നിസുരക്ഷാ സംവിധാനത്തെക്കുറിച്ച് പരിശോധന</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അഗ്നിബാധ ഒഴിവാക്കുന്നതിനും അഗ്നിശമന സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി വ്യാപാരശാലകൾ, ബഹുനില മന്ദിരങ്ങൾ, ആശുപത്രികൾ, സിനിമാ തിയേറ്ററുകൾ തുടങ്ങിയവ പരിശോധിക്കുകയും അപര്യാപ്തത കണ്ടെത്തിയ കെട്ടിടങ്ങളുടെ ഉടമകൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. രണ്ടാംഘട്ട പരിശോധനയിൽ പ്രസ്തുത സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന്

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെയും അറിയിച്ചിട്ടുണ്ട്. കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിലെയും നാഷണൽ ബിൽഡിംഗ് കോഡിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി അഗ്നിരക്ഷാ സേവന നിയമം നടപ്പാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്. സർവ്വീസിൽ നിന്ന് വിരമിച്ച ഡോക്ടർമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ, പാരാമെഡിക്കൽ സ്റ്റാഫുകൾ, പ്രത്യേക മേഖലയിൽ കഴിവുള്ളവർ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ.എസ്.എസ്. വോളണ്ടിയർമാർ തുടങ്ങിയവരുടെ സേവനം അപകടഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനായി കേരള സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേന (സിവിൽ ഡിഫൻസ് ഫോഴ്സ്) രൂപീകരിക്കുന്ന കാര്യം സജീവ പരിഗണനയിലാണെന്നും ടാങ്കർ ലോറി ഉടമകളെക്കൂടി ഇതിന്റെ ഭാഗമാക്കുന്ന കാര്യം പരിശോധിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ജലാശയ അപകടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്കായി ഫോർട്ട് കൊച്ചി കേന്ദ്രീകരിച്ച് അഡ്വാൻസ്ഡ് വാട്ടർ റെസ്ക്യൂ ട്രെയിനിംഗ് സെന്ററും രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സ്പെഷ്യൽ ടാസ്ക് ഫോഴ്സും രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. ദുരന്തനിവാരണ രംഗത്ത് പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. അഗ്നിശമന സേനയുടെ

ആധുനികവൽക്കരണത്തിനായി നടപ്പുസാമ്പത്തികവർഷം പദ്ധതിയിനത്തിൽ 70 കോടി രൂപ വകയിരുത്തുകയും രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും ബഹുനില കെട്ടിടങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് ടേൺ ടേബിൾ ലാഡർ വാങ്ങുന്ന നടപടി പുരോഗമിച്ചുവരികയാണെന്നും സ്കൈ ലിഫ്റ്റ്, എഫ്.എൽ.എഫ്. പാന്തർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും തിരുവനന്തപുരം നഗരസഭയുടെ ആഭിമുഖ്യത്തിൽ മണക്കാട് സ്കൂളിനോട് ചേർന്നുള്ള നീന്തൽ പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല വഹിക്കുന്നത് അഗ്നിശമന രക്ഷാ സേനയാണെന്നും ആവശ്യമുള്ള സ്ഥലങ്ങളിൽ അവരുടെ സേവനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

17(*153) <u>തീരദേശ കപ്പൽ ഗതാഗതം</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, തീരദേശ കപ്പൽ ഗതാഗത പദ്ധതി പ്രാരംഭഘട്ടമെന്ന നിലയിൽ കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ടെന്നും ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വിപുലീകരണവും ചരക്ക്/യാത്രാ ഗതാഗത വികസനവുമാണ് ഇതിന്റെ ലക്ഷ്യമെന്നും

സഭയെ അറിയിച്ചു. പ്രസ്തുത തുറമുഖങ്ങൾക്കുപുറമെ വിഴിഞ്ഞത്തും ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 24-02-2019-ന് അഴീക്കൽ കോസ്റ്റൽ ഷിപ്പിംഗ് ഓപ്പറേഷൻ ഫ്ലാഗ് ഓഫ് ചെയ്തുവെന്നും 2030-ഓടെ റോഡ്/റെയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 50% തീരദേശ കപ്പൽ ഗതാഗതം മുഖേനയാക്കാൻ സാധിക്കുമെന്നും ഇതിന്റെ ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്ഥിരമായ കസ്റ്റംസ് ക്ലിയറൻസ് സംവിധാനമായ ഇ.ഡി.ഐ, പ്ലാന്റ് ക്വാരന്റൈൻ ലാബ്, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, തുറമുഖത്തെ സുരക്ഷാ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൊല്ലത്ത് നിർമ്മാണം പൂർത്തിയായിവരുന്ന കോസ്റ്റൽ ബർത്തിന്റെ നീളം വർദ്ധിപ്പിക്കുന്നതിനും ബേപ്പൂരിൽ ഇത് നിർമ്മിക്കുന്നതിനുമുള്ള നടപടികളെടുത്തുവരികയാണെന്നും ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ നീക്കം സുഗമമാക്കുന്നതിനായി രണ്ട് ട്രെയിലർ ട്രക്കുകൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അഴീക്കൽ തുറമുഖ വികസനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s HOWE Engineering Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും കിഫ്ബിയിൽ നിന്നും 496 കോടി രൂപയുടെ ഭരണാനുമതി

ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്താനായി റെയിൽ/റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിന് Indian Port Rail Corporation (IPCRL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് റൂട്ടിൽ യാത്രാകപ്പൽ/ഹൈഡ്രോഫോയിൽ സർവ്വീസ് നടത്തുന്നതിനായി മെസേഴ്സ് സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. തീരദേശ ചരക്കുഗതാഗത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കൊല്ലം തുറമുഖ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കുമെന്നും കൊച്ചിയിൽ നിന്നും കൊല്ലം-തങ്കശ്ശേരിയിലൂടെ മാലിദ്വീപിലേയ്ക്കും ശ്രീലങ്കയിലേയ്ക്കും ചരക്കുഗതാഗതം ആരംഭിക്കുന്നതും തീരപ്രദേശങ്ങളിൽ യാത്രാ വ്യാപാര ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബാർജ്ജുകൾ ഏർപ്പെടുത്തുന്നതും തീരദേശ ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതും സംബന്ധിച്ച് ആലോചിക്കുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

18(*154) <u>ലോക കേരള സഭയെ ഫലപ്രദമാക്കാൻ നടപടി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പ്രവാസി മലയാളികളുടെ വൈദഗ്ദ്ധ്യം നാടിന്റെ വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ലോക കേരള സഭ രൂപീകരിച്ചതെന്ന് സഭയെ അറിയിച്ചു. ലോക കേരള സഭയുടെ സംഘാടനം, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ റിപ്പോർട്ടുകൾ പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുക, എൻ.ആർ.ഐ. കലോത്സവങ്ങളും കലാ സംസ്കാരിക പരിപാടികളും സംഘടിപ്പിക്കുക, പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നീ ചുമതലകളാണ് 2018 ജനുവരി 12, 13 തീയതികളിൽ നടന്ന പ്രഥമ സമ്മേളനത്തിലെ തീരുമാനപ്രകാരം ഒരു സ്വതന്ത്ര സംവിധാനമായി രൂപീകരിച്ച ലോക കേരള സഭ സെക്രട്ടേറിയറ്റിനുള്ളതെന്നും ചീഫ് സെക്രട്ടറി ഇതിന്റെ സെക്രട്ടറിയും ജനറൽ കൺവീനർ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമാണെന്നും ലോക മലയാളികളുടെ സമ്പാദ്യവും വൈദഗ്ദ്ധ്യവും നാടിന്റെ വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനായി രൂപം നൽകിയ ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും

ചെയർമാൻമാർ സമർപ്പിച്ച 48 ശിപാർശകളെ നിക്ഷേപ സാദ്ധ്യതകൾ, ക്ഷേമ പദ്ധതികൾ, വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തൽ, സാംസ്കാരികം എന്നിങ്ങനെ നാലായി തരംതിരിച്ച് പത്തെണ്ണം അംഗീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1866 മുതൽ 2212 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)